**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ 20 ലക്ഷത്തോളം ബി.പി.എൽ കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. ഒന്നാം ഘട്ടത്തിൽ സർക്കാർ ഓഫീസുകൾ, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ എന്നിവയ്ക്ക് അതിവേഗ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാകും. പദ്ധതിയുടെ നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ മുഴുവൻ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ വലിക്കുന്ന നടപടികൾ പുരോഗമിച്ച വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 7 ജില്ലകളിലായി 3000-ത്തിലധികം ഓഫീസുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ കെ ഫോൺ പദ്ധതി നിലവിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്. പാലക്കാട് ജില്ലയിൽ പറളി, വെണ്ണക്കര, ചിറ്റാടി, നെൻമാറ, ഒറ്റപ്പാലം, പഴയന്നൂർ, കണ്ണംപുള്ളി, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിലെ പോയിന്റ് ഓഫ് പ്രസൻസുകൾ (PoP) വഴി 457 ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയിലൂടെ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2022 ജൂൺ മാസത്തോടുകൂടി ജില്ലയിലെ ബാക്കിയുള്ള ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ